പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ ***T2456***

18.12.2012 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. എം. ഹംസ ; | | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | 2011 മെയ് മാസത്തിന് ശേഷം സ്മാർട്ട്സിറ്റി നിർമ്മാണത്തിൽ എന്തെല്ലാം പുരോഗതി ഉണ്ടായി ; | എ) | സ്മാർട്ട്സിറ്റി പദ്ധതി പ്രദേശത്ത് 2011 മെയ് മാസത്തിന് ശേഷം 10900 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരു പവിലിയൻ നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) | സ്മാർട്ട്സിറ്റി നിർമ്മാണ കമ്പനിയായ ടീകോമും കേരള സർക്കാരും തമ്മിൽ ഒപ്പിട്ട എം.ഒ.യു. വിലെ പ്രത്യേക വ്യവസ്ഥകൾ എന്തെല്ലാം ; എം.ഒ.യു. വിന്റെ കോപ്പി ലഭ്യമാക്കാമോ ; | ബി) | 9.9.2005 ലെ MoU പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത് സ്മാർട്ട്സിറ്റി പദ്ധതിയുടെ നിർവഹണത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുക, ഭൂമിക്ക് SEZ പദവി ലഭ്യമാക്കുക, ആവശ്യമായ പെർമിറ്റുകളും ലൈസൻസുകളും സർക്കാർ നൽകുക എന്നുള്ളതാണ്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് ജോലി നൽകുമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത് ; അതിൽ എത്ര പേർക്ക് ജോലി നൽകി ; | സി) | ഒരു വർഷത്തിനുള്ളിൽ ജോലി വാഗ്ദാനം ചെയ്തിട്ടില്ല. നിലവിൽ ഐ.ടി. കെട്ടിടങ്ങളുടെ പണി പൂർത്തിയാകാത്തതിനാൽ ജോലിയൊന്നും നൽകിയിട്ടില്ല. |
| ഡി) | എത്ര സ്ക്വയർഫീറ്റ് കെട്ടിടം നിർമ്മിക്കുമെന്നാണ് വ്യക്തമാക്കിയിരുന്നത് ; നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചു : | ഡി) | 13.5.2007 ലെ ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 8.8 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കേണ്ടതാണ്. |
| ഇ) | സ്മാർട്ട്സിറ്റി മേഖലയിൽ ഇൻഡസ്ട്രിയൽ കൊമേഴ്സ്യൽ ഏരിയ എത്ര സ്ഥലത്ത് ആരംഭിച്ചിട്ടുണ്ട് : | ഇ) | ഇൻഡസ്ട്രിയൽ/കൊമേഴ്സ്യൽ ഏരിയ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| എഫ്) | സ്മാർട്ട്സിറ്റിയിൽ എത്ര വികസന പ്രവർത്തനങ്ങൾ നടന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട് ; വിശദമാക്കാമോ ? | എഫ്) | 10900 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരു പവിലിയന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**